പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5156** | **28.10.2016**-ലെ മറുപടിക്ക്

## ശബരിമല തീർത്ഥാടനത്തിന് ഗതാഗതസൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>" അനിൽ അക്കര<br>" വി.ടി.ബൽറാം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വരുന്ന മണ്ഡല കാലത്ത് ശബരിമല തീർത്ഥാടനത്തിന് എന്തെല്ലാം ഗതാഗത സൗകര്യങ്ങളാണ് കെ.എസ്.ആർ.ടി.സി. ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | ശബരിമല തീർത്ഥാടനത്തിന് മുൻകാലങ്ങളിൽ നടപ്പിലാക്കിയതു പോലെ തന്നെ എല്ലാ ക്രമീകരണങ്ങളും ചെയ്യുന്നതാണ്. തീർത്ഥാടത്തിന് ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ എത്തുന്ന ചെങ്ങന്നൂർ, കുമിളി, പത്തനംതിട്ട, കോട്ടയം, എറണാകുളം, കൊട്ടാരക്കര, തിരുവനന്തപുരം സെൻട്രൽ, എരുമേലി എന്നീ ഡിപ്പോകളിൽ നിന്നും ആവശ്യത്തിനു സർവ്വീസ് നടത്തുന്നതിന് അധിക ബസ് നല്കാനും ജീവനക്കാരെ നിയമിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. കൂടാതെ പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസ് നടത്തുന്നതിന് 130 ബസുകൾ ഘട്ടം ഘട്ടമായി നൽകുന്നതാണ്. ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനു വേണ്ടി പമ്പയിലേക്ക് ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലേക്കുള്ള ബസുകൾ അനുവദിക്കുന്നതാണ്. ഇതിനാവശ്യമായ ജീവനക്കാരെയും മറ്റ് അനുബന്ധ ഘടകങ്ങളും പമ്പയിൽ ഒരുക്കുന്നതാണ്. ഓൺലൈനിലൂടെ സീറ്റുകൾ മുൻകൂട്ടി റിസർവ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഗ്രൂപ്പ് ബുക്കിംങ്ങിനും, ഗ്രൂപ്പുകൾക്ക് മാത്രമായി പ്രത്യേക പാക്കേജുകളും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എത്ര ഡിപ്പോകളിൽ നിന്നുമാണ് ശബരിമലയ്ക്ക് ബസ്സ് സർവ്വീസ് നടത്താനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ; | | |
| (സി) | തീർത്ഥാടകർക്ക് വേണ്ടി ചെയിൻ സർവ്വീസ് ആവശ്യമുള്ള സ്ഥലങ്ങളിൽ പ്രസ്തുത സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ